ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥാപനങ്ങൾക്ക് പതിച്ചു നൽകിയ റവന്യൂ പുറമ്പോക്കിന്റെ വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു. 31.115 വ്യക്തികൾക്ക് റവന്യൂ പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം (ബി) ആയി ചേർക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ആകെ വനാവകാശരേഖകളും ഉൾപ്പെടെ 1,48,119 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് താലൂക്കിൽ പാലക്കാട് 3 വില്ലേജിൽ പാലക്കാട് പ്രസ്സ് ക്ലബ്ബിന് 3.5 സെന്റ് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. കൂടാതെ പാലക്കാട് 3 വില്ലേജിൽ മിച്ചഭൂമി ഏറ്റെടുത്ത പൊതു ആവശ്യത്തിനായി മാറ്റിവച്ചിട്ടുള്ള 25 സെന്റ് ഭൂമി സെന്റൊന്നിന് 1,15,000 രൂപ ഈടാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് പി.എസ്.സി. ഓഫീസ് നിർമ്മിക്കുന്നതിനായി വിട്ടുനൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് താലൂക്കിൽ ശ്രീ. അൻപൻ, സീനിയർ കറസ്പോണ്ടന്റ്, ദിനതന്തി, കുന്നത്തൂർമേട് എന്ന വ്യക്തിക്ക് 2 സെന്റ് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്. ചിറ്റൂർ താലൂക്കിൽ 58 പേർക്ക് 1.2055 ഹെക്ടർ ഭൂമി, ഭൂമി പതിവ് ചട്ടപ്രകാരം പതിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2114 പേർക്കായി ആകെ 114.27 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്.

പുറമ്പോക്ക ഭൂമി സ്വകാര്യ വ്യക്തിയുടെ പേരിൽ നൽകൽ

156(3036) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരം താലൂക്ക് തിരുവിക്രമംഗലം ശ്രീമഹാവിഷ്ണു ക്ഷേത്രത്തിന് മുൻവശമുള്ള പുറമ്പോക്ക ഭൂമി റീ-സർവ്വേയ്ക്കുശേഷം സ്വകാര്യ വ്യക്തിയുടെ പേരിൽ അനധികൃതമായി നൽകിയതിനെതിരെ ദേവസ്വം സ്പെഷ്യൽ തഹസിൽദാർ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേലും ക്ഷേത്രോപദേശക സമിതിയുടെ പരാതിയിലും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആറ്റുപുറമ്പോക്ക് ഭൂമി അളന്നുതിരിച്ച് സർക്കാർ ഭൂമിയായി നിലനിർത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ക്ഷേത്രഭൂമിയായ പൂറമ്പോക്ക് പതിച്ചു കൊടുത്തതായ പരാതി സ്പെഷ്യൽ തഹസിൽദാർ ഭൂസംരക്ഷണം, തിരുവിതാംകൂർ ദേവസ്വം ബോർഡിന് റിപ്പോർട്ടിനായി നൽകുകയും ടി റിപ്പോർട്ടിൽ പ്രസ്തുത ക്ഷേത്രത്തിന് സമീപം താമസിക്കുന്ന ശ്രീ. നാരായണൻ പോറ്റി എന്നയാൾ പൂറമ്പോക്ക് ഭൂമി കയ്യേറിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ റീ-സർവ്വേ ക്യാമ്പ് ഓഫീസ് കൃത്യത്തിയിലെ ഹെഡ് സർവ്വേയറെക്കൊണ്ട് സ്ഥലം സർവ്വേ ചെയ്യുകയും സർവ്വേ നമ്പർ 2004-ൽ പതിനാറ് സെന്റ് സ്ഥലം 16945, 7535 എന്നീ നമ്പരുകളിൽ കരമൊടുക്കി വരുന്നതും, ടി സ്ഥലത്തിന് മൂന്ന് വശവും വ്യക്തമായ അതിർത്തിയുള്ളതുമാണ്. പുഴ പൂറമ്പോക്ക് ഭാഗത്ത് അതിർത്തിയില്ലാത്തതായ ഭാഗമാണ് കൈയ്യേറിയിട്ടുള്ളത്. മെഷർമെന്റ് സ്കെച്ച്, ഡിവൈഡ് സ്കെച്ച് എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂമിയിൽ റീഫിക്സ് ചെയ്ത് പുനഃപരിശോധിച്ച് റിക്കാർഡ് തയ്യാറാക്കിയിട്ടുള്ളതുമാണ്.

(സി) ആറ്റു പൂറമ്പോക്കു ക്ഷേത്രഭൂമിയും പ്രത്യേകമായി അളന്ന് തിരിച്ച് സ്കെച്ച് തയ്യാറാക്കുന്നതിന് താലൂക്ക് സർവ്വേയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ ഫണ്ട്

157(3037) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ദുരിതാശ്വാസ ഫണ്ടിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മാവേലിക്കര താലൂക്കിൽ 2011-12, 2012-13, 2013-14, 2014-15 കാലയളവിൽ ദുരിതാശ്വാസനിധിയിൽ നിന്നും വിതരണംചെയ്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര താലൂക്കിൽ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പേരും മേൽവിലാസവുമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?